(എ) വെള്ളപൊക്ക ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുവാൻ സ്ഥിരമായ സംരക്ഷണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം ദുരിതമനുഭവിക്കുന്നവർക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ആറ്റുതീരസംരക്ഷണ പദ്ധതിയ്ക്ക് രൂപം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭത്തിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവരെ മാറ്റി പാർപ്പിക്കേണ്ട ആവശ്യത്തിനായി സംരക്ഷണ കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം ആലപ്പുഴ നഗരത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

75 (888) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം ആലപ്പുഴ നഗരത്തിൽ 1995 മേയ് മാസം മുതൽ 2001 നാളിതുവരെയായി എത്ര കോടി രൂപയ്ക്കുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഭരണാനുമതി നൽകിയ മുഴുവൻ പ്രവർത്തികളും പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ഓരോ വർഷവും ഭരണാനുമതി നൽകിയ പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 91 പണികൾക്കായി 1,34,75,000 രൂപയുടെ ഭരണാനുമതികൾ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) 1996-ൽ 14 പണികൾക്കും 1997-ൽ 5 പണികൾക്കും 1998-ൽ 15 പണികൾക്കും 1999-ൽ 24 പണികൾക്കും 2000-ൽ 33 പണികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിയിൽപെടുന്ന റോഡുകളുടെ പുനരുദ്ധാരണം

76 (889) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly